ॐ



സ ത്വം നോ ദർശയാത്മാനമസ്മത്കരണഗോചരം
പ്രപന്നാനാം ദി ദൃക്ഷൂണാം സസ്മിതം തേ മുഖാംബുജം (8-5-45)
തൈസ്തൈ: സ്വേച്ഛാദ്ധ്യതൈ രൂപൈ: കാലേ കാലേ സ്വയം വിഭോ
കർമ്മ ദുർവ്വിഷഹം യന്നോ ഭഗവാംസ്തത് കരോതിഹി (8-5-45)

*ശുകമുനി തുടർന്നു:*
അഞ്ചാമത്തെ മന്വന്തരം രൈവതമനുവിൻെറ നേതൃത്വത്തിലായിരുന്നു. അപ്പോൾ ഭഗവാൻ വൈകുണ്ഡനായി അവതരിച്ചു. ആറാമത്തെ മന്വന്തരത്തിൽ ചക്ഷുവിൻെറ മകൻ ചക്ഷുഷൻ നേതൃത്വം വഹിച്ചപ്പോൾ ഭഗവാൻ ഭാഗികമായി, അജിതനായവതരിച്ചു (വൈരാജൻേറയും സംഭൂതിയുടേയും പുത്രൻ). അജിതനാണ് ആമയായി അവതരിച്ച് ദേവാസുരന്മാർ പാലാഴി കടയുമ്പോൾ മന്ദര പർവ്വതത്തെ താങ്ങി നിർത്തിയത്. രാജാവേ, അമൃത് കണ്ടെത്തും മുൻപ് ദേവന്മാർ അമരന്മാരായിരുന്നില്ല. എപ്പോഴെല്ലാം ദേവാസുരന്മാർ യുദ്ധം ചെയ്തുവോ, അപ്പോഴെല്ലാം അസുരന്മാർ ദേവന്മാരെ കൊന്നൊടുക്കി. ധാർമ്മീകത അധ:പതിക്കുകയും ചെയ്തു.

ഈ അവസ്ഥയിൽ മനംനൊന്ത ഇന്ദ്രൻ,വരുണൻ തുടങ്ങിയ ദേവന്മാർ സൃഷ്ടാവായ ബ്രഹ്മാവിനെ സമീപിച്ചു. കുറച്ചുനേരം പരംപൊരുളായ ഭഗവാനെ ധ്യാനിച്ചശേഷം ബ്രഹ്മാവ് പറഞ്ഞു: ഈ വിശ്വം മുഴുവൻ ഉരുത്തിരിഞ്ഞിരിക്കുന്നത് ആ പരംപൊരുളിൻെറ ഒരംശത്തിൽനിന്നാണ്. അതുകൊണ്ട് നമുക്കാ ഭഗവാൻെറ തുണയ്ക്കായി പ്രാർത്ഥിക്കാം. അദ്ദേഹത്തിന് ശത്രുവോ മിത്രമോ ഇല്ല. കാലാകാലങ്ങളിൽ സത്വരജസ്തമോ ഗുണങ്ങൾ സ്വീകരിച്ച് എല്ലാ ജീവികൾക്കും അദ്ദേഹം ക്ഷേമമരുളുന്നു. തൻെറ തുലോം വിചിത്രവും ഗഹനവുമായ രീതികളിലാണെന്നു മാത്രം. ഇപ്പോൾ അവിടുന്ന് സത്വഗുണം സ്വീകരിച്ചിരിക്കുന്നു. അതായത് സ്ഥിതി നിലനിർത്തൽ. ഇതാണ് അദ്ദേഹത്തിൽ അഭയം തേടാനുള്ള ശുഭസമയം. അതിനാൽ അവർ അജിതൻെറയടുത്തുപോയി ഇങ്ങിനെ പ്രാർത്ഥിച്ചു.

ഞങ്ങളുടെയെല്ലാം ഇന്ദ്രിയങ്ങളേയും മനസ്സിനേയും ഇമചിമ്മാതെ വീക്ഷിച്ച് സാക്ഷീഭാവത്തിൽ നിൽക്കുന്ന ഭഗവാനെ ഞങ്ങൾ അഭയം പ്രാപിക്കുന്നു. ജിവൻെറ ഏറ്റവും അടുത്തുള്ളതും സുഹൃത്തും, ജീവനു സാക്ഷാത്ക്കാരമേകാൻ ധ്യാനിക്കേണ്ടതുമെല്ലാം അവിടുന്നു തന്നെ. സാത്വീകഭാവത്തിൽനിന്നുണ്ടായ ഞങ്ങളടക്കം സൃഷ്ടിക്കപ്പെട്ട ഒന്നിനും അവിടുത്തെ ശരിയായ ഉൺമയെ മനസ്സിലാക്കുക അസാദ്ധ്യം. അങ്ങിനെ നിസ്സീമമായ മഹത്വമുള്ള അവിടുന്ന് ഞങ്ങളെ രക്ഷിക്കട്ടെ. ആ ഭഗവാൻെറ കാലുകളാണ് ഭൂമി. വായ അഗ്നി. കണ്ണുകൾ സൂര്യൻ. ശ്വാസോച്ഛ്വാസം വായു. കേൾവി ആകാശം. ആ ഭഗവാൻെറ ശക്തിയിൽ നിന്ന് ഇന്ദ്രനും, ബുദ്ധിയിൽനിന്ന് ബ്രഹ്മാവും, ലിംഗത്തിൽനിന്ന് സൃഷ്ടാവും, ഹൃദയത്തിൽ നിന്ന് ലക്ഷ്മിയും, മാറിടത്തിൽനിന്ന് ധർമ്മവും, നിഴലിൽനിന്ന് പിതൃക്കളും, പുറത്തുനിന്ന് അധർമ്മവും, വായിൽനിന്ന് ബ്രാഹ്മണരും, കൈകളിൽനിന്ന് ക്ഷത്രിയരും, തുടകളിൽനിന്ന് വൈശ്യരും, പാദങ്ങളിൽനിന്ന് ശൂദ്രരും, കീഴ്ചുണ്ടിൽനിന്ന് അത്യാർത്തിയും, മേൽചുണ്ടിൽനിന്ന് പ്രേമവും, കൺപുരികങ്ങളിൽനിന്ന് യമരാജനും ഉണ്ടായി. അവിടുത്തെ ശരീരം ഈ പറഞ്ഞവയും മറ്റു പലതും ഉൾക്കൊള്ളുന്നു.

ഭഗവൻ, അവിടുത്തെ ദർശനഭാഗ്യം തരാനുള്ള കൃപയുണ്ടാവണേ. അവിടുന്നാണ് പലേവിധരൂപങ്ങളിൽ അവതരിക്കുന്നതും ഞങ്ങളുടെ കഴിവുകൾക്കതീതമായ കർമ്മം ചെയ്യുന്നതുമെല്ലാം. അതിനാൽ അവിടുത്തേക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങളാണ് ഉത്തമമെന്ന് ഞങ്ങൾ കരുതുന്നു.